# മംഗളവാർത്ത (ലൂക്ക 1: 26-38)

**December 04, 2011**

**Homily by Fr. Mathew Kilukkan.**

**Fr. Mathew can be reached at manjulkilus@gmail.com**

'അമംഗളവാർത്ത!?'

യഥാർത്ഥത്തിൽ മറിയം സ്വീകരിച്ചത് ഒരു അമംഗളവാർത്തയായിരുന്നു. വിവാഹനിശ്ചയം കഴിഞ്ഞ യുവതി, ഭർത്താവുമായി സഹവസിക്കും മുമ്പ് ഗർഭിണിയാകുക എന്നത് ഏറ്റവും അധാർമികമായ ഒരു കാര്യമാണെന്നിരിക്കെ അതുമായി ബന്ധപ്പെട്ട ഏതൊരു സൂചനയും അധാർമികവും അമംഗളവുമാണ്. തീർത്തും അമംഗളകരമായ ഒരു വാർത്ത മറിയത്തിന് മംഗളകരമായി മാറുന്നത് ആ ഒരൊറ്റ മറുപടിയിലാണ്; 'ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ.' ദൂത്, ദൈവത്തിൽ നിന്നാണെന്ന വിശ്വാസവും ദൈവത്തിന്റെ പദ്ധതി തന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി മാത്രമുള്ളതുമാണെന്ന തിരിച്ചറിവും, അത് നല്കുന്ന അനന്തമായ പ്രത്യാശയുമാണ് മറിയത്തിന്റെ ജീവിതത്തെ ഒടുവിൽ മംഗളകരമാക്കി മാറ്റുന്നത്. വിശ്വസിക്കുക എന്നാൽ വിധേയപ്പെടുക എന്നർത്ഥം.

'ഒന്നും യാദൃശ്ചികമല്ല!'

ജീവിതത്തെ സംബന്ധിച്ച് ഒരു വിശ്വാസി ഹൃദയത്തിൽ ചേർത്ത് വയ്ക്കുന്ന പാഠമിതാണ്; ഒന്നും യാദൃശ്ചികമല്ല. എല്ലാം 'ദൈവത്താൽ അയയ്ക്കപ്പെടുന്ന'താണ് (ലൂക്കാ 1:27). ആശുപത്രിയിൽ ചിലവഴിക്കപ്പെടുന്ന ഏതാനും മണിക്കൂറുകൾക്കിടയിൽ കൈയ്യിലിരുന്നു വിറയ്ക്കുന്ന പരിശോധനാ കുറിപ്പിനു മുന്നിൽ ജീവിതം അപ്പാടെ മാറിപ്പോകുന്ന സന്ദർഭങ്ങളില്ലേ? ആ റിസൾട്ടിനു ശേഷം ജീവിതം മറ്റൊന്നായിത്തീരുകയാണ്. അപ്പോഴും മനസ്സിനു ബലമാകുന്നത്, ആ ഒരു ചിന്ത മാത്രമാണ്; 'ദൈവത്താൽ അയയ്ക്കപ്പെട്ടത്!'

ചില വളർച്ചാക്കുറിപ്പുകൾ...!

ഒരു കുഞ്ഞിനെ അമ്മയ്ക്ക് കയ്യേല്പിക്കുമ്പോൾ ദൈവത്തിനു ചില കണക്കുകൂട്ടലുകളുണ്ട്. ആ കുഞ്ഞ് വളരേണ്ട രീതികളെ സംബന്ധിച്ച് ചില ദൈവധാരണകൾ ആ കുഞ്ഞിനോടൊപ്പം രൂപപ്പെടുന്നുണ്ട്. ഇവിടെ, ആ കുഞ്ഞിന്റെ പേരിടൽ പോലുള്ള വിശദാംശങ്ങളിൽപ്പോലും ദൈവത്തിന് ചില പദ്ധതികളുണ്ട്. എല്ലാറ്റിനും പുറകിൽ ആത്മാവിന്റെ അഭിഷേകത്തെക്കുറിച്ചുള്ള ശക്തമായ സൂചനകൾ. "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും." തങ്ങളുടെ കുഞ്ഞുങ്ങളൊക്കെ പരിശുദ്ധാത്മാവിൽ വളരാനുള്ള സാഹചര്യമൊരുക്കുക മാത്രമാണ് അമ്മമാരുടെ കടമ. അതുതന്നെയാണ് യഥാർത്ഥ പേരന്റിംഗ്!

എലിസബത്ത് എന്ന അടയാളം

മറിയത്തിൽ പൂർത്തീകരിക്കപ്പെടാൻ പോകുന്ന ദൈവിക പദ്ധതിയുടെ ദൃശ്യമായ അടയാളവും ഉറപ്പുമായിരുന്നു എലിസബത്ത്. തികച്ചും അസാധാരണമായ ഒരു സാഹചര്യത്തിൽ എലിസബത്തിന് ലഭിക്കുന്ന കുഞ്ഞ് ദൈവത്തിന്റെ അനന്തമായ ശക്തിയെയും പരിപാലനയെയും പറ്റി നമ്മെ ഓർമിപ്പിക്കുന്നു. എലിസബത്ത് എന്ന അടയാളം കുറെക്കൂടി ദൈവാശ്രയബോധം മറിയത്തിലുണർത്താൻ പര്യാപ്തമാകുന്നുണ്ട്.

ഒരിക്കലും പിന്നെ മടങ്ങിവരാത്ത ദൂതൻ!

(അ)മംഗളവാർത്ത നല്കി മറഞ്ഞ ദൂതൻ പിന്നീടൊരിക്കലും മറിയത്തെത്തേടി വരുന്നതായി വചനം അടയാളപ്പെടുത്തുന്നില്ല. ആ ദൂതന്റെ ചില ഓർമപ്പെടുത്തലുകളും, ഉറപ്പുകളും അവൾ തീർച്ചയായും ആഗ്രഹിച്ച, അപ്രകാരം അവകാശപ്പെട്ട ചില നിമിഷങ്ങളുണ്ടായിരുന്നിരിക്കണം, തീർച്ചയായും കാൽവരിയിലെങ്കിലും അതാകാമായിരുന്നു. പക്ഷേ, അതുണ്ടായില്ല. എന്നിട്ടും മറിയം പതറിയില്ല, കാലുകൾ ഇടറിയില്ല 'ഇതാ കർത്താവിന്റെ ദാസി!' മറിയം നടന്ന ഒറ്റയടിപ്പാതയുടെ പേരാണത്. നിരന്തരമായ പ്രത്യാശയുടെ മറുപേരത്രെ മറിയം!